(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശം, നിലവിലെ സ്ഥിതി എന്നിവ റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗം, കെട്ടിട വിഭാഗം എന്ന ക്രമത്തിൽ വ്യക്തമാക്കാമോ;

(സി) പ്രവൃത്തി മുഴുവനായും പൂർത്തീകരിച്ചവയുടെ ലിസ്റ്റ് പ്രത്യേകം നല്കാമോ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

123 (1319) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ ക്ലാർക്ക്, ഓഫീസ് അറ്റന്റൻഡ് തുടങ്ങിയ മിനിസ്റ്റീരിയൽ ജീവനക്കാരെ പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറുണ്ടോ;

(ബി) ഡിവിഷൻ, സബ്ഡിവിഷൻ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ജീവനക്കാരെ സാങ്കേതിക സ്വഭാവമുള്ള ജോലികൾ ഏല്പിക്കാറുണ്ടോ;

(സി) പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി, സാങ്കേതിക സ്വഭാവമുള്ള ജോലികൾ ചെയ്യുന്നതിന് മിനിസ്റ്റീരിയൽ ജീവനക്കാരെ ചുമതലപ്പെടുത്തുന്ന ഓഫീസ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് ജില്ലാ ക്വാളിറ്റി ലാബുകളെ വിജിലൻസിന്റെ ഓഫീസുകളായി മാറ്റുകയും പ്രസ്തുത ഓഫീസിലെ തസ്തിക എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായി ഉയർത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടത്തിന് നിയോഗിക്കാറില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly